بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 08.02.2019 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

08.02.2019 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം

**നബി (സ) തിരുമേനിയുടെ മഹനീയ സ്ഥാനികളായ ബദരീ സഹാബാക്കളുടെ വിശ്വാസവർദ്ധക സംഭവങ്ങളുടെ ഹൃദ്യവും മനോഹരവുമായ വിവരണം.**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ۬ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹുദും തഅവ്വുദും സൂറ: ഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ അയ്യദഹുല്ലാഹു പറഞ്ഞു:

ഇന്ന് വിവരിക്കുന്ന സഹാബാക്കളിൽ ആദ്യത്തെ നാമം ഹദ്റത്ത് അബൂ മുലയ്ൽ ബിൻ അൽ അസ്അർ എന്നാകുന്നു. അദ്ദേഹത്തിന് അൻസാറുകളുടെ ഗോത്രമായ ഔസുമായാണ് ബന്ധം. ബദർ, ഉഹദ് എന്നീ യുദ്ധങ്ങളിൽ പ ങ്കെടുക്കാൻ അദ്ദേഹത്തിന് ഭാഗ്യം സിദ്ധിച്ചു.

അടുത്തത് അനസ് ബിൻ മആദ് അൻസാരിയെ കുറിച്ചാണ് വിവരിക്കുന്നത്. അൻസാറുകളുടെ ഗോത്രമായ ഖദ്റജിന്റെ ശാഖ ബനൂ നജ്ജാറുമായാണ് അദ്ദേഹത്തിന്റെ ബന്ധം. അദ്ദേഹം ബദർ, ഉഹദ്, ഖന്ദഖ് ഉൾപ്പെടെ എല്ലാ യുദ്ധങ്ങ ളിലും നബി(സ)യോടൊപ്പം പങ്കെടുത്തു. ബിഅ്റെ മഊന സംഭവത്തിൽ അദ്ദേഹം ശഹീദാക്കപ്പെട്ടു.

അടുത്ത വിവരണം അബൂ ശയ്ഖ്ഉബയ് ബിൻ ഥാബിത്ത് (റ)ന്റെതാണ്. അദ്ദേഹത്തിന് അൻസാറുകളുടെ ഗോത്രമായ ഖദ്റജിന്റെ ശാഖയായ ബനൂ നജ്ജാറുമായാണ് ബന്ധം. അദ്ദേഹം ബദർ, ഉഹദ്, ഖന്ദഖ് ഉൾപ്പടെ എല്ലാ യുദ്ധങ്ങളിലും നബി(സ) യോടൊപ്പം പങ്കെടുത്തു. ബിഅ്റെ മഊനയിൽ ശഹീദാക്കപ്പെട്ടു.

അടുത്ത വിവരണം ഹദ്റത്ത് അബൂ ബുർദ ബിൻ നയ്യാറിനെ കുറിച്ചാണ്. അദ്ദേഹം അബൂ ബുർദ എന്ന വിളിപ്പേരിൽ പ്രസിദ്ധനായിരുന്നു. അദ്ദേഹത്തിന്റെ നാമം ഹാനി എന്നായിരുന്നു. ഹദ്റത്ത് അബൂ ബുർദ, ഹദ്റത്ത് ബറാ ബിൻ ആസിബിന്റെ മാതൃസഹോദരനായിരുന്നു. രണ്ടാം ബയ്അത്തെ അഖ്ബയിൽ പങ്കെടുത്തിരുന്നു. അത് കൂടാതെ ബദർ, ഉഹദ്, ഖന്ദഖ് ഉൾപ്പടെ എല്ലാ യുദ്ധങ്ങളിലും നബി(സ)യോടൊപ്പം പങ്കെടുത്തു. മക്ക വിജയ സമയത്ത് ബനൂ ഹാരിഥയുടെ പതാക ഹദ്റത്ത് അബൂ ബുർദയുടെ പക്കലായിരുന്നു ഉണ്ടായിരുന്നത്. ഹദ്റത്ത് അബൂ അബസും ഹദ്റത്ത് അബൂ ബുർദയും ഇസ്ലാം സ്വീകരിച്ചപ്പോൾ അവർ രണ്ട് പേരും ബനൂ ഹാരിഥ ഗോത്രത്തിന്റെ വിഗ്രഹങ്ങൾ തകർ ത്തു. അബൂ ഉമാമാ നിവേദനം ചെയ്യുന്നു: നബി(സ) ബദർ യുദ്ധത്തിനായി പുറപ്പെട്ടപ്പോൾ ഹദ്റത്ത് അബൂ ഉമാമയും നബി(സ)യോടൊപ്പം പുറപ്പെടാൻ തയ്യാറായി. അതിൽ അദ്ദേഹത്തിന്റെ മാതൃസഹോദരൻ ഹദ്റത്ത് അബൂ ബുർദബിൻ നയ്യാർ പറഞ്ഞു: നീ നിന്റെ മാതാവിനെ സേവിക്കുന്നതിനായി ഇവിടെ തന്നെ നിൽക്കുക. അദ്ദേഹത്തിന്റെ മാതാവ് രോഗിയായിരുന്നു. ഹദ്റത്ത് അബൂ ഉമാമ പറഞ്ഞു: അവർ നിങ്ങളുടെ സഹോദരികൂടിയാണ്. അതുകൊണ്ട് താങ്കൾ നിന്നാലും. അങ്ങനെ പ്രശ്നം നബി(സ) തിരുമേനിയുടെ മുന്നിൽ അവതരിപ്പിക്കപ്പെട്ടു. മകനായിരുന്നതിനാൽ ഹദ്റത്ത് അബൂ ഉമാമയ്ക്ക് അവിടെ നില്ക്കാനുള്ള കല്പന നബി(സ) നല്കി. ഹദ് റത്ത് അബൂ ബുർദ സൈന്യത്തോടൊപ്പം പുറപ്പെട്ടു. യുദ്ധത്തിൽ നിന്ന് നബി(സ) തിരിച്ചെത്തിയപ്പോൾ ഹദ്റത്ത് അബൂ ഉമാമയുടെ മാതാവിന് വഫാത്ത് സംഭവിച്ചിരുന്നു. അങ്ങനെ നബി(സ) തിരുമേനി അവരുടെ ജനാസ നമസ്ക്കരിച്ചു.

ഉഹദ് യുദ്ധ സമയത്ത് മുസ്ലിംകളുടെ പക്ഷത്ത് രണ്ട് കുതിരകളായിരുന്നു ഉണ്ടായിരുന്നത്. ഒന്ന് റസുലുല്ലാ(സ) യുടെ പക്കൽ, അതിന്റെ പേര് അസ്സഖഫ് എന്നായിരുന്നു. മറ്റൊരു കുതിര ഹദ്റത്ത് അബൂ ബുർദയുടെ പക്കലായിരുന്നു. അതിന്റെ പേര് മുലാഹിഅ് എന്നായിരുന്നു. ഹദ്റത്ത് അബൂ ബുർദ ഹദ്റത്ത് അലിക്കൊപ്പം എല്ലാ യുദ്ധങ്ങളിലും പങ്കെടുത്തു. അദ്ദേഹത്തിന്റെ വഫാത്ത് സംഭവിച്ചത് അബൂ മുആവിയ്യായുടെ ആരംഭ കാലഘട്ടത്തിലാണ്.

ഹദ്റത്ത് ബറാഅ് ബിൻ ആസിബ് നിവേദനം ചെയ്യുന്നു: നബി(സ) തിരുമേനി ബലിപെരുന്നാൾ ദിവസത്തിലെ നമസ്കാരത്തിന് ശേഷം ഞങ്ങളെ അഭിമുഖീകരിച്ച് കൊണ്ട് പറഞ്ഞു: ആരാണ് നമ്മെ പോലെ നമസ്കരിക്കുകയും നാം ബലി നല്കിയത് പോലെ ബലിനല്കുകയും ചെയ്യുന്നത്, അയാൾ ശരീയായ രീതിയിലാണ് ബലി നല്കിയത്. എന്നാൽ ആരാണ് നമസ്കാരത്തിന് മുമ്പ് ബലി നല്കിയത്, ആ മൃഗം മാംസത്തിന് മാത്രമുള്ളതാകുന്നു. അതായത് അത് ബലി നല്കുന്നത് ആകുകയില്ല. അതിൽ

ഹദ്റത്ത് അബൂ ബുർദ ബിൻ നയ്യാർ എഴുന്നേറ്റ് പറഞ്ഞു: അല്ലയോ അല്ലാഹുവിന്റെ ദൂതരെ! ഞാൻ നമസ്കാരത്തിനായി പുറപ്പെടുന്നതിന് മുന്നോടിയായി ബലി നല്കി. എന്നാൽ ഇന്ന് കഴിക്കുന്നതിന്റെയും കുടിക്കുന്നതിന്റെയും ദിവസമാണെന്ന് ഞാൻ മനസിലാക്കി.. അതിനാൽ ഞാൻ ധൃതി കാണിക്കുകയും സ്വയം ഭക്ഷിക്കുകയും ചെയ്തു. അതുപോലെ കുടുംബാംഗങ്ങളെയും അയൽവാസികളെയും കഴിപ്പിക്കുകയും ചെയ്തു. റസുലുല്ലാഹ്(സ) പറഞ്ഞു: ആ ആട് മാംസത്തിന് വേണ്ടിയുള്ളത് മാത്രമായിരുന്നു. അത് നിന്റെ ബലി ആകുകയില്ല. അതിൽ ഹദ്റത്ത് അബൂ ബുർദ പറഞ്ഞു: എന്റെ പക്കൽ ഒരു വർഷം പ്രായമുള്ള ചെറിയ പെണ്ണാടുണ്ട്. അത് സാധാരണ രണ്ട് ആടിനെക്കാൾ മുന്തിയതാണ്. നല്ലത് പോലെ പരിപാലിക്കപ്പെട്ടതാണ്. എന്നാൽ അതിന്റെ പ്രായം ഒരു വർഷം മാത്രമാണ്. സാധാരണ രണ്ട് ആടുകളെ വച്ച് നോക്കിയാൽ മുന്തിയതും തടിച്ച് കൊഴുത്തതുമാണ്. അത് എനിക്ക് ബലി നല്കാൻ മതിയായതാണോ? നബി(സ) പറഞ്ഞു: ശരി, നീ അതിനെ ബലി നല്കുക. എന്നാൽ നിനക്ക് ശേഷം ആർക്കും അത് മതിയാകുകയില്ല. അതായത് ഈ (ഒരു പെണ്ണാടിനെ മാത്രം ബലി ചെയ്യാനുള്ള) അനുവാദം നിനക്കുള്ളത് മാത്രമാണ്.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഇനി ഹദ്റത്ത് അസദ് ബിൻ യസീദിനെ കുറിച്ചുള്ള വിവരണമാണ്. അൻസാറുകളുടെ ഗോത്രമായ ഖസ്റജിന്റെ ശാഖ ബനൂ സുരയ്ഖയോടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. അദ്ദേഹം ബദർ, ഉഹദ് യുദ്ധങ്ങളിൽ നബി(സ) യോടൊപ്പം പങ്കെടുത്തു. മറ്റൊരു ബദരീ സഹാബി ഹദ്റത്ത് തമീം ബിൻ യാർ അൻസാരിയാണ്. അദ്ദേഹം ബദർ, ഉഹദ് യുദ്ധങ്ങളിൽ റസൂലുല്ലാ(സ) യോടൊപ്പം പങ്കെടുത്തു.

ഇനി വിവരിക്കുന്ന സഹാബിയുടെ പേര് ഹദ്റത്ത് ഔസ് ബിൻ ഥാബിത്ത് ബിൻ മുൻസിർ എന്നാണ്. അദ്ദേഹം അൻസാരിയായിരുന്നു. അദ്ദേഹം പ്രസിദ്ധനായ സഹാബി ഹദ്റത്ത് ശിദാദ് ബിൻ ഔസിന്റെ പിതാവായിരുന്നു. അദ്ദേഹം രണ്ടാം ഉഖ്ബ ബയ്അത്തിൽ പങ്കെടുത്തിരുന്നു. അദ്ദേഹം ബദർ, ഉഹദ് യുദ്ധങ്ങളിൽ റസൂലുല്ലാ(സ)യോടൊപ്പം പങ്കെടുത്തു. പ്രസിദ്ധ കവിയായിരുന്ന ഹദ്റത്ത് ഹസാൻ ബിൻ ഥാബിത്തിന്റെയും ഹദ്റത്ത് ഉബാ ബിൻ ഥാബിത്തിന്റെയും സഹോദരനായിരുന്നു അദ്ദേഹം. അദ്ദേഹം ഉഹദ് യുദ്ധത്തിൽ ശഹീദാക്കപ്പെട്ടു.

മറ്റൊരു സഹാബി ഹദ്റത്ത് ഥാബിത്ത് ബിന് ഖൻസാഅ് ആണ്. ബനൂ ഗനം ബിൻ അദീ ബിൻ നജ്ജാറുമായി അദ്ദേഹത്തിന് ബന്ധം ഉണ്ടായിരുന്നു. ബദർ യുദ്ധത്തിൽ പങ്കെടുക്കാൻ അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചു. അദ്ദേഹത്തെ കുറിച്ച് അത്രമാത്രമേ വിവരം ലഭിച്ചിട്ടുള്ളൂ.

ഇനിയുള്ളത് ഹദ്റത്ത് ഔസ് ബിൻ അസ്സാമിത്ത് എന്ന ഒരു സഹാബിയാണ്. അദ്ദേഹം ഹദ്റത്ത് ഉബാദ ബിൻ സാമിത്തിന്റെ സഹോദരനായിരുന്നു. ഹദ്റത്ത് ഔസ് ബദർ, ഉഹദ് പോലുള്ള എല്ലാ യുദ്ധങ്ങളിലും നബി(സ) യോടൊപ്പം പങ്കെടുത്തു. ഹദ്റത്ത് ഔസ് ബിൻ സാമിത്ത് ഒരു കവി കൂടിയായിരുന്നു. ഹദ്റത്ത് ഔസ് ബിൻ സാമിത്തും ശിദാദ് ബിൻ ഔസും ബൈത്തുൽ മുഖദ്ദസിലേയ്ക്ക് താമസം മാറ്റിയിരുന്നു. അദ്ദേഹം പുണ്യഭൂമിയായ ഫലസ്തീനിലെ റമല എന്ന സ്ഥലത്ത് വച്ച് 34 ഹിജ്‌രിയിൽ വഫാത്തായി. ആ സമയം അദ്ദേഹത്തിന് 72 വയസ്സ് ഉണ്ടായിരുന്നു.

അടുത്ത സഹാബിയുടെ പേര് ഹദ്റത്ത് അർഖം ബിൻ അബീ അർഖം എന്നായിരുന്നു. അദ്ദേഹത്തിന്റെ ബന്ധം ബനൂ മഖ്സൂമുമായിട്ടാണ്. അദ്ദേഹം ഇസ്‌ലാം സ്വീകരിച്ച ആദ്യകാല സഹാബാക്കളിൽ ഉൾപ്പെട്ടിരുന്നു. ചിലരുടെ അഭിപ്രായപ്രകാരം അദ്ദേഹം ഇസ്‌ലാം സ്വീകരിക്കുന്നതിന് മുമ്പ് 11 വ്യക്തികൾ ഇസ്‌ലാം സ്വീകരിച്ചിരുന്നു. ചിലർ പറയുന്നത് അദ്ദേഹം ഏഴാമതാണ് ഇസ്‌ലാം സ്വീകരിച്ചത് എന്നാണ്. ഹദ്റത്ത് ഉർവബിൻ സുബൈർ നിവേദനം ചെയ്യുന്നു: ഹദ്റത്ത് അർഖം, ഹദ്റത്ത് അബൂ ഉബൈദ ബിൻ ജറാഹ്, ഹദ്റത്ത് ഉസ്മാൻ ബിൻമത്ഊൻ എന്നിവർ ഒരുമിച്ചാണ് ഇസ്‌ലാം സ്വീകരിച്ചത്. ഹദ്റത്ത് അർഖമിന് സഫാ മലയിൽ ഒരു വീട് ഉണ്ടായിരുന്നു. ചരിത്രത്തിൽ അത് ദാറുൽ അർഖം എന്ന പേരിൽ അറിയപ്പെടുന്നു. ആ ഭവനത്തിൽ നബി (സ)യും ഇസ്‌ലാം സ്വീകരിച്ച ആളുകളും ഇബാദത്തുകൾ നിർവഹിച്ച് കൊണ്ടിരുന്നു. അവിടെയാണ് ഹദ്റത്ത് ഉമറും ബൈഅത്ത് ചെയ്തത്.

ദാറുൽ അർഖമിന്റെ പ്രാധാന്യത്തെ കുറിച്ച് ഹുസൂർ അൻവർ പറയുന്നു: മക്കയിൽ ഒരു തബ്‌ലീഗ് കേന്ദ്രം സ്ഥാപിക്കണമെന്ന് നബി (സ)യ്ക്ക് ചിന്ത ഉടലെടുത്തു. മുസ്‌ലിംകൾക്ക് യാതൊരു തടസവും കൂടാതെ നമസ്ക്കാരത്തിനായും മറ്റും ഒരുമിച്ച് കൂടാനും ശാന്തിയോടും സമാധാനത്തോടും കൂടി നിശബ്ദമായി ഇസ്‌ലാമിന്റെ തബ്‌ലീഗ് കൃത്യമായി നടത്തുകയും ചെയ്യണം. അതിനെല്ലാം വേണ്ടി നബി(സ) ഒരു നവമുസ്‌ലിമായ ഹദ്റത്ത് അർഖമിന്റെ ഭവനം തെരഞ്ഞെടുത്തു. അത് സഫാ മലയുടെ ചരിവിലാണ് സ്ഥിതി ചെയ്തി രുന്നത്. അതിനു ശേഷം എല്ലാ മുസ്‌ലികളും അവിടെ ഒത്തു കൂടുകയും അവിടെ നമസ്കരിക്കുകയും ചെയ്ത് പോന്നിരുന്നു. അതുകൊണ്ട് ചരിത്രത്തിൽ ഈ ഭവനത്തിന് വലിയ പ്രാധാന്യം നല്കപ്പെടുന്നു. ദാറുൽ ഇസ്‌ലാം എന്ന പേരിലും ഇത് പ്രസിദ്ധവുമാണ്.

മദീനയിലേയ്ക്കുള്ള ഹിജ്റത്തിന് ശേഷം നബി(സ) ഹദ്റത്ത് അർഖം(റ) ഹദ്റത്ത് അബൂ തൽഹ സയിദ് ബിൻ സഹൽ എന്നിവരുടെ ഇടയിൽ സാഹോദര്യ ബന്ധം

സ്ഥാപിച്ചു. ഹദ്റത്ത് അർഖം ബദർ, ഉഹദ് ഉൾപ്പടെ എല്ലാ യുദ്ധങ്ങളിലും നബി(സ)യോടൊപ്പം പങ്കെടുത്തു. അതു പോലെ അദ്ദേഹം ഹിൽഫുൽ ഫുസൂൽ ഉടമ്പടിയിൽ പങ്കെ ടുത്തിരുന്നു. അദ്ദേഹം ഹിജ്റ 53ന് വഫാത്തായി. ആ സമയം അദ്ദേഹത്തിന് 83 വയസ് ഉണ്ടായിരുന്നു. ഹദ്റത്ത് അർഖം തന്റെ ജനാസ ഹദ്റത്ത് സഅദ് ബിൻ അബി വഖാസ് നിർവഹിക്കണമെന്ന് വസിയ്യത്ത് ചെയ്തിരുന്നു. ആ സമയത്ത് അദ്ദേഹം അഖീഖ് എന്ന സ്ഥലത്തായിരുന്നു. അങ്ങനെ ഹദ് റത്ത് സഅദ് ബിൻ അബി വഖാസ് അവിടെ വന്ന് ഹദ്റത്ത് അർഖമിന്റെ ജനാസ നമസ്കാരം നിർവഹിക്കുകയുണ്ടായി. ജന്നത്തുൽ ബഖിയിൽ അദ്ദേഹത്തെ മറവ് ചെയ്തു. ഒരിക്കൽ ഹദ്റത്ത് അർഖം നമസ്കരിക്കുക എന്ന നിയ്യത്തോട് കൂടി നബി(സ)യോട് ബൈത്തുൽ മുഖദ്ദസിലേയ്ക്ക് പോകുവാൻ അനുവാദം ചോദിച്ചു. നബി(സ) പറഞ്ഞു: എന്റെ ഈ (മദീനയിലെ) പള്ളിയിലെ ഒരു നമസ്കാരം മറ്റുള്ള പള്ളികളിലെ ആയിരം നമസ്കാരത്തെക്കാൾ ഉത്തമമാണ്. അതോടെ അദ്ദേഹം തന്റെ ഉദ്ദേശ്യം ഉപേക്ഷിച്ചു.

അടുത്ത സഹാബി, ഹദ്റത്ത് ബസ്ബസ് ബിൻ അംറ് ആണ്. ബനൂ സഇദ ബിൻ കഅബ് ബിൻ ഖദ്റജ് ഗോത്രവുമായാണ് അദ്ദേഹത്തിന്റെ ബന്ധം. ബദർ കൂടാതെ ഉഹദ് യുദ്ധത്തിലും പങ്കെടുത്തിരുന്നു. നബി(സ) ഹദ്റത്ത് ബസ്ബസ് അദി ബിൻ അദി എന്ന രണ്ട് സഹാബികളെ ശത്രുക്കളുടെ അനക്കമടക്കങ്ങൾ അറിഞ്ഞ് വരുവാനായി ബദർ മൈതാനിയിലേയ്ക്ക് അയക്കുകയുണ്ടായി. എത്രയും വേഗം വിവരങ്ങൾ അറിഞ്ഞ് തിരിച്ച് വരുവാൻ കല്പനയും നൽകി. ഹദ്റത്ത് ബസ്ബസും ഹദ്റത്ത് അദി ബിൻ സുഅബായും അവിടെ ഒരു കുന്നിന്റെ ചെരുവിൽ അവരുടെ ഒട്ടകങ്ങളെ കെട്ടിയിട്ടു. കൂജകളുമായി കിണറിനടുത്ത് ചെന്ന് വെള്ളം നിറക്കുകയും കുടിക്കുകയും ചെയ്തു. അതിനിടയിൽ അവർ രണ്ട് സ്ത്രീകൾ ഏതോ ഒരു കച്ചവട സംഘത്തിന്റെ ആഗമനത്തെ കുറിച്ച് പറയുന്നത് കേട്ടു. അങ്ങനെ അവർ രണ്ട് പേരും തിരിച്ച് വന്നു. നബി(സ)യോട് ഏതോ ഒരു സംഘത്തിന്റെ ആഗമനത്തെ കുറിച്ച് രണ്ട് സ്ത്രീകൾ സംസാരിക്കുന്നത് കേട്ട കാര്യം പറഞ്ഞു.

ഇനി ഹദ്റത്ത് സഅലബ ബിൻ അംറ് അൻസാരിയെ കുറിച്ചുള്ള വിവരണമാണ്. ബനൂ നജ്ജാർ ഗോത്രവുമായിട്ടാണ് അദ്ദേഹത്തിന്റെ ബന്ധം. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് കബ്ശ എന്നായിരുന്നു. പ്രസിദ്ധ കവി ഹദ്റത്ത് ഹസാൻ ബിൻ സാബിത്തിന്റെ സഹോദരി ആയിരുന്നു. ഹദ്റത്ത് സഅലബ ബദർ ഉൾപ്പെടെ എല്ലാ യുദ്ധങ്ങളിലും നബി(സ) യോടൊപ്പം പങ്കെടുത്തിരുന്നു. ബനൂ സൽമയുടെ ബിംബങ്ങൾ തകർത്ത സഹാബാക്കളിൽ അദ്ദേഹം ഉൾപ്പെട്ടിരുന്നു. ഹദ്റത്ത് ഉസ്മാന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ മദീനയിൽ വെച്ച് അദ്ദേഹം വഫാത്തായി.

ഹദ്റത്ത് സഅലബ ബിൻ ഗനമ എന്ന സഹാബിയെ കുറിച്ചാണ് അടുത്തതായി വിവരിക്കുന്നത്. ജഹീറ ബിൻത് ഖയ്സ് ആയിരുന്നു മാതാവ്. അൻസാറുകളുടെ ഗോത്രമായ ബനൂ സൽമയിൽപ്പെട്ട ആളായിരുന്നു. അദ്ദേഹം രണ്ടാം ബയ്അത്തെ അഖ്ബയിൽ നബി(സ)യുടെ തിരുകരങ്ങളിൽ ബയ്അത്ത് ചെയ്ത 70 അൻസാറുകളിൽ ഉൾപ്പെടുന്നു. അദ്ദേഹം ബദർ, ഉഹദ്, ഖന്ദഖ് എന്നീ യുദ്ധങ്ങളിൽ പങ്കെടുത്തു.

അടുത്ത സഹാബിയുടെ പേര് ജാബിർ ബിൻ ഖാലിദ് എന്നാണ്. അൻസാറുകളുടെ ഗോത്രമായ ബനൂ ദീനാറുമായാണ് അദ്ദേഹത്തിന്റെ ബന്ധം. ഹദ്റത്ത് ജാബിർ ബിൻ ഖാലിദ് ബദർ, ഉഹദ് എന്നീ യുദ്ധങ്ങളിൽ പങ്കെടുത്തു.

അടുത്ത സഹാബി ഹദ്റത്ത് ഹാരിഥ് ബിൻ നുഅ്മാൻ ബിൻ ഉമയ്യാ അൻസാരിയാണ്. അൻസാറുകളുടെ ഗോത്രമായ ഔസുമായാണ് അദ്ദേഹത്തിന്റെ ബന്ധം. അദ്ദേഹം ബദർ, ഉഹദ് യുദ്ധങ്ങളിൽ നബി(സ)യോടൊപ്പം പങ്കെടുത്തിരുന്നു.

അടുത്തത് ഹദ്റത്ത് ഹാരിഥ് ബിൻ അനസ് അൻസാരിയാണ്. ഉമ്മെ ശരീക് എന്നാണ് മാതാവിന്റെ പേര്. പിതാവ് അനസ് ബിൻ റാഫിഅ്. ബനൂഅബ്ദു അശ്ഹൽ എന്ന ഔസ് ഗോത്രത്തിന്റെ ശാഖയുമായാണ് അദ്ദേഹത്തിന്റെ ബന്ധം. അദ്ദേഹം ബദർ ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തു. ഉഹദ് യുദ്ധത്തിൽ ശഹാദത്ത് കരസ്ഥമാക്കി.

ഹദ്റത്ത് ഹുറൈസ് ബിൻ സയ്ദ് അൻസാരിയാണ് അടുത്തത്. ഹദ്റത്ത് ഹുറൈസ് ഖദ്റജ് ഗോത്രത്തിന്റെ ശാഖയായ ബനൂ സയ്ദ് ബിൻ ഹാരിഥയുമായി ബന്ധമുള്ള വ്യക്തിയാണ്. അദ്ദേഹത്തിന്റെ സഹോദരനായ ഹദ്റത്ത് അബ്ദുല്ലായോടൊപ്പം ബദർ യുദ്ധത്തിൽ അദ്ദേഹം പങ്കെടുത്തു. ബാങ്ക് വിളിയുടെ വചനങ്ങളെക്കുറിച്ച് സ്വപ്ന ദർശനമുണ്ടായത് ഈ സഹോദരനായിരുന്നു. അദ്ദേഹം ഉഹദ് യുദ്ധത്തിൽ ശഹീദാക്കപ്പെട്ടു.

ഇനി വിവരിക്കുന്ന സഹാബിയുടെ പേര് ഹാരിഥ് ബിൻ അസ്ഇമ എന്നാണ്. അൻസാറുകളുടെ ഗോത്രമായ ബനൂ നജ്ജാറുമായാണ് അദ്ദേഹത്തിന്റെ ബന്ധം. ബിഅ്റെ മഊനയുടെ സന്ദർഭത്തിൽ ശഹീദാക്കപ്പെടുകയുണ്ടായി. നബി(സ) ഹാരിഥിനും ഹദ്റത്ത് സുഹയ്ബ് ബിൻ സിനാനിനും ഇടയിൽ സാഹോദര ബന്ധം സ്ഥാപിച്ചു. ഹദ്റത്ത് ഹാരിഥ് ബിൽ അസ്ഇമ നബി(സ)യോടൊപ്പം ബദർ യുദ്ധത്തിനായി പുറപ്പെട്ടിരുന്നു. എന്നാൽ അറൂഹ് എന്ന പ്രദേശത്ത് എത്തിയപ്പോൾ അദ്ദേഹത്തിന് കൂടുതൽ യാത്ര ചെയ്യാനുള്ള ശേഷി ഇല്ലാതായി. നബി(സ) അദ്ദേഹത്തെ മദീനയിലേയ്ക്ക് തിരിച്ച് അയച്ചു. അദ്ദേഹത്തിന്റെ നിയ്യത്തും ആഗ്രഹവും കണ്ട് നബി(സ) ബദറിൽ പങ്കെടുത്ത

സഹാബാക്കളിൽ അദ്ദേഹത്തെയും ഉൾപ്പെടുത്തിയിരുന്നു. അദ്ദേഹം ഉഹദ് യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ആളുകൾ ഛിന്നഭിന്നമായ ആ ദിവസം ഹദ്റത്ത് ഹാരിഥ് സ്ഥൈര്യത്തോടെ ഉറച്ച് നിന്നു.

ഹദ്റത്ത് ഹാരിഥ് ബിഅ്റെ മഊന സംഭവത്തിലും പങ്കെടുത്തിരുന്നു. സഹാബാക്കളെ ശഹീദാക്കിയ സംഭവം അരങ്ങേറിയപ്പോൾ ഹദ്റത്ത് ഹാരിഥും അംറ് ബിൻ ഉമയ്യായും ആ സമയം ഒട്ടകങ്ങളെ മേയിക്കാനായി പോയിരുന്നു. അവർ തിരിച്ച് തമ്പടിച്ചിരുന്ന സ്ഥലത്ത് എത്തിയപ്പോൾ, പക്ഷികൾ അവിടെ ഇരിക്കുന്നതായി കണ്ടു. അപ്പോൾ തന്നെ അവരുടെ കുട്ടാളികൾ ശഹീദായിയെന്ന് അവർക്ക് മനസിലായി. ഹദ്റത്ത് ഹാരിഥ്, ഹദ്റത്ത് അംറിനോട് പറഞ്ഞു: താങ്കളുടെ അഭിപ്രായം എന്താണ്.? ഹദ്റത്ത് അംറ് പറഞ്ഞു: നബി(സ)യുടെ സമീപത്ത് പോയി, വിവരം എത്തിക്കണം എന്നതാണ് എന്റെ അഭിപ്രായം. ഹദ്റത്ത് ഹാരിഥ് പറഞ്ഞു: മുൻദിറിനെ വധിച്ച ഈ സ്ഥലത്ത് നിന്ന് ഞാൻ പിൻമാറുന്നതല്ല. അങ്ങനെ അദ്ദേഹം മുന്നോട്ട് കുതിക്കുകയും പോരാടി കൊണ്ട് ശഹീദാകുകയും ചെയ്തു.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബീബക്കർ പറയുന്നു: ശത്രുക്കളുടെ തുടർച്ചയായുള്ള ശൂലവർഷം മൂലമാണ് ഹദ്റത്ത് ഹാരിഥിന് ശഹാദത്ത് സംഭവിച്ചത്. അവ അദ്ദേഹത്തിന്റെ ശരീരത്തിൽ തുളച്ച് കയറി ഇരുന്നു. അങ്ങനെ അദ്ദേഹത്തിന് ശഹാദത്ത് സംഭവിച്ചു.

അല്ലാഹു ഈ എല്ലാ ബദരീ സഹാബാക്കളുടെയും പദവികൾ ഉയർത്തികൊണ്ടിരിക്കട്ടെ – ആമീൻ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَأْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifathul Masih Al-khamis** (atba)
at Baithul Futuh,London – on 08.02.2019
Malayalam Translation : **Hashim Ashraf,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516